1. കാർഡമം ഹിൽ റിസർവ്വ്.
2. പ്രൈവറ്റ് ഫോറസ്റ്റ്
3. ഏലം കൃഷി ചെയ്യുന്ന സ്ഥലം

മറ്റ് സ്വകാര്യഭൂമികളിൽ നട്ടുവളർത്തുന്ന പത്തിനം മരങ്ങൾ ഒഴികെയുള്ള എല്ലാ മരങ്ങളും ഉടമസ്ഥർക്ക് മുറിച്ചുമാറ്റുന്നതിന് അനുവാദമുണ്ട്. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ലഘൂകരിച്ച് സ്വകാര്യഭൂമിയിൽ കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുവാനുള്ള ഒരു ബില്ല് സർക്കാരിന്റെ പരിഗണനയിലുണ്ട്.

വിദേശമദ്യങ്ങൾ ഉല്പാദിപ്പിക്കാൻ ലൈസൻസുള്ള ഫാക്ടറികൾ

*12 [424] ശ്രീ. എ. എ. അസീസ് :
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിദേശ മദ്യങ്ങൾ ഉല്പാദിപ്പിക്കാൻ എത്ര ഫാക്ടറികൾക്ക് ഇപ്പോൾ ലൈസൻസുണ്ട്;

(ബി) അവയുടെ പേരു വിവരം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഫാക്ടറികൾ ഉല്പാദിപ്പിക്കുന്ന മദ്യങ്ങളുടെ ബ്രാൻഡ്നെയിം എക്സൈസ് ഡിപ്പാർട്ടുമെന്റ് രജിസ്റ്റർ ചെയ്യാറുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) കേരളത്തിൽ വിദേശ മദ്യങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ 12 ഡിസ്റ്റില്ലറികൾക്കും 8 കോംപൗണ്ടിംഗ് ആന്റ് ബ്ലെന്റിങ്ങ് യൂണിറ്റുകൾക്കും ലൈസൻസുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു †

(സി) എല്ലാ സാമ്പത്തിക വർഷവും എല്ലാ ബ്രാൻഡുകളും രജിസ്റ്റർ ചെയ്യാറുണ്ട്.

സുനാമി ദുരിത ബാധിതരുടെ പ്രശ്നപരിഹാരത്തിന് വന്നിട്ടുള്ള വീഴ്ച

*13 [425] ശ്രീ. എം. വി. ജയരാജൻ :
,, ടി. കെ. ദേവകുമാർ :
,, മത്തായി ചാക്കോ :
,, വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരിതബാധിതമായ കേരളത്തിലെ തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നതിനുള്ള നടപടികളിലെ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുനാമി ദുരിതബാധിതരായ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ ഉന്നയിച്ചിരിക്കുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണാവിഷ്കരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ദുരിതബാധിതരായിട്ടുള്ളവരുടെ പുനരധിവാസ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങൾക്ക് അതാതു സമയങ്ങളിൽ പരിഹാരം ഉണ്ടാക്കുന്നുണ്ട്.

(ബി) അപകടമരണം സംഭവിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി അനുസരിച്ച് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകി. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം ഒരു മാസത്തെ മത്സ്യത്തൊഴിലാളി വിഹിതം സർക്കാർ നൽകി. മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് പകരം ഉപകരണങ്ങൾ നൽകുകയും കേടായവ നന്നാക്കിക്കൊടുക്കുകയും ചെയ്തു വരുന്നു. ഇതിനായി 13.85 കോടി രൂപ സർക്കാർ അനുവദിച്ചു. കൂടാതെ മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക, വിദ്യാഭ്യാസാനുകൂല്യ കുടിശ്ശിക ഇവ തീർക്കുന്നതിനും തുക അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ ഇൻഷ്വറൻസ് കവറേജ് ഇല്ലാതിരുന്ന സമയത്ത് മരണപ്പെട്ട 126 പേർക്ക് 1 ലക്ഷം രൂപ വീതവും പരിക്കുപറ്റിയവർക്ക് ആകെ 3 ലക്ഷം രൂപയും നൽകുവാൻ ഉത്തരവായിട്ടുണ്ട്.

മറ്റു തീരദേശ ജില്ലകളിലെ മത്സ്യ ബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പകരം ഉപകരണങ്ങൾ നൽകുക, കേടായബോട്ടുകൾ, ഇൻബോർഡ് വള്ളങ്ങൾ എന്നിവയുടെ കേടുപാടുകൾ തീർത്തുകൊടുക്കുക, ഉണക്ക മത്സ്യം നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം, കൂടങ്ങൾ, ചാപ്പ, മാലിപ്പുര മുതലായവ പുനർനിർമ്മിക്കുന്നതിനു സഹായം, മത്സ്യഫാമുകൾ പുനർനിർമ്മിക്കുന്നതിനു സഹായ പദ്ധതി, ഹാച്ചറികളുടെ കേടുപാടുകൾ തീർക്കുന്നതിനു സഹായം, ചിപ്പി, മുരിങ്ങ എന്നിവയുടെ കൃഷിക്കുണ്ടായ നഷ്ടം നികത്തുന്നതിനു പദ്ധതി, സുനാമി ഉണ്ടായാൽ ആഘാതം കുറയ്ക്കുന്നതിനായി തീരദേശത്ത് കണ്ടൽക്കാടുകൾ വളർത്തുന്നതിനു പദ്ധതി, ചെമ്മീൻ കർഷകരുടെ കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിക്കാൻ കേന്ദ്രസഹായത്തോടെ പദ്ധതി, സുനാമി ബാധിത മേഖലയിൽ വനിതാ മത്സ്യത്തൊഴിലാളികളുടെ സ്വയം തൊഴിൽ സംഘങ്ങൾ രൂപീകരിക്കുന്നതിനും വിവിധ തൊഴിലിൽ പരിശീലനം നൽകുന്നതിനും പദ്ധതി എന്നിവയാണ് ഫിഷറീസ് വകുപ്പു മുഖേന ഉടനെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

(സി) വീടു നിർമ്മിച്ചു നൽകുന്നതുൾപ്പെടെ പുനരധിവാസ പദ്ധതി റവന്യു വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കി വരുന്നു. കൂടാതെ ആദ്യഘട്ടമായി കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലയിൽ മത്സ്യ ബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളിക്ക് 3.48 കോടി രൂപയുടെ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു.



LIBRARY ARCHIVES Kerala Legislative Assembly